"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

പൊതുവിദ്യാഭ്യാസം - കോർപ്പറേറ്റ് മാനേജർ, കോർപ്പറേറ്റ് എഡ്യൂക്കേഷണൽ ഏജൻസി ഓഫ് സ്കൂൾസ്, കോട്ടയം അതിരൂപത സമർപ്പിച്ച അപേക്ഷ തീർപ്പാക്കി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

**പൊതുവിദ്യാഭ്യാസ (എസ്.സി) വകുപ്പ്**

സ.ഉ.(സാധാ) നം.3283/2026/GEDN തീയതി,തിരുവനന്തപുരം, 13-05-2026

പരാമർശം:-

1. കോർപ്പറേറ്റ് മാനേജർ, കോർപ്പറേറ്റ് എഡ്യൂക്കേഷണൽ ഏജൻസി ഓഫ് സ്കൂൾസ്, കോട്ടയം അതിരൂപത സർക്കാരിലേക്ക് സമർപ്പിച്ച 17/02/2024-ലെ അപേക്ഷ.
2. പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ 19.01.2026-ലെ എഫ്2/ 8279/2024/ഡിജിഇ നമ്പർ കത്ത്.

**ഉത്തരവ്**

എൽ.ജി.പി.റ്റി. ഹിന്ദി തസ്തികയിൽ 01-06-2016 മുതൽ തുടർച്ചയായി അംഗീകാരം ലഭിച്ച് ജോലി ചെയ്തു വരുന്ന മിനി പി. എ. യുടെ 01-06-2018 മുതൽ അരീക്കര സെന്റ് റോക്കീസ് യു പി സ്കൂളിൽ എൽ.ജി.പി.റ്റി. ഹിന്ദി ആയി നൽകിയ പുതിയ നിയമനം സ്ഥലംമാറ്റം ആയി ക്രമീകരിച്ച മാനേജരുടെ 14-02-2024-ലെ AT/07/2024 നമ്പർ ഉത്തരവ് സാധൂകരിച്ച് തുടർ നടപടികൾ സ്വീകരിക്കാൻ ആവശ്യമായ മാർഗ്ഗനിർദ്ദേശം രാമപുരം ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർ, കോട്ടയം വെസ്റ്റ് ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർ എന്നിവർക്കു നൽകണമെന്ന് ആവശ്യപ്പെട്ടു കൊണ്ട് കോട്ടയം അതിരൂപത, കോർപ്പറേറ്റ് എഡ്യൂക്കേഷണൽ ഏജൻസി ഓഫ് സ്കൂൾസ്, കോർപ്പറേറ്റ് മാനേജർ പരാമർശം (1) അപേക്ഷ സർക്കാരിലേക്ക് ലഭ്യമാക്കിയിരുന്നു.

2) സർക്കാർ പ്രസ്തുത വിഷയം പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ റിപ്പോർട്ട്, നിലവിലുള്ള ചട്ടങ്ങൾ, ഉത്തരവുകൾ എന്നിവയുടെ അടിസ്ഥാനത്തിൽ പരിശോധിച്ചു. ശ്രീമതി മിനി പി.എ യെ 01.06.2016 മുതൽ LGPT ഹിന്ദി തസ്തികയിൽ സെന്റ് സെബാസ്റ്റ്യൻസ് യു.പി.എസ് പേരൂർ സ്കൂളിൽ നിയമിച്ച് ആയത് ഏറ്റുമാനൂർ ഉപ ജില്ലാ വിദ്യാഭ്യാസ ഓഫീസർ 26.09.2017 ലെ C/1982/16/K.Dis ഉത്തരവ് പ്രകാരം അംഗീകരിച്ചു നൽകിയിട്ടുണ്ട്. 15.07.2017 മുതലുള്ള ലാവണ ക്രമീകരണം അനന്തമായി വൈകിയതിനാൽ 01.06.2018 മുതൽ അരീക്കര സെന്റ് റോക്കീസ് യു.പി സ്കൂളിൽ പുതിയ നിയമനം ആയി നൽകി 29.09.2020 ലെ സി/4401/2020 ഉത്തരവ് പ്രകാരം രാമപുരം ഉപ ജില്ലാ വിദ്യാഭ്യാസ ഓഫീസർ അംഗീകരിച്ചു നൽകി. കോട്ടയം വെസ്റ്റ് ഉപ ജില്ലാ വിദ്യാഭ്യാസ ഓഫീസറുടെ 05.01.2023 ലെ ഡി/955/2022/കെ.ഡിസ് ഉത്തരവ് പ്രകാരം ശ്രീമതി മിനി പി.എ യുടെ 15.07.2017 മുതൽ 31.05.2018 വരെ കൈപ്പുഴ സെന്റ് മാർഗരറ്റ് യു.പി.എസിലേക്ക് സ്ഥലം മാറ്റം അംഗീകരിച്ചിട്ടുണ്ട്. ആയതിനാൽ 01.06.2018 ലെ പുതിയ നിയമനം ആയി നൽകിയ നിയമനം സ്ഥലം മാറ്റമായി പരിഗണിക്കണമെന്ന് ആവശ്യപ്പെട്ടാണ്

മാനേജർ അപേക്ഷ സമർപ്പിച്ചിരിക്കുന്നത്. ശ്രീമതി മിനി പി.എ യുടെ ലാവണ ക്രമീകരണം അംഗീകരിചിട്ടുള്ളതിനാൽ ടിയാൾക്ക് 01.06.2018 മുതൽ സെന്റ് റോക്കീസ് യു.പി.എസ് അരീക്കരയിൽ എൽ.ജി.പി.റ്റി. ഹിന്ദി ആയി നൽകിയ പുതിയ നിയമനം, സെന്റ് മാർഗരറ്റ് യു.പി.എസ് കൈപ്പുഴയിൽ നിന്നുള്ള സ്ഥലം മാറ്റമായി ക്രമീകരിക്കുന്നതിന് മറ്റു തടസ്സങ്ങൾ ഉള്ളതായി കാണുന്നില്ല. അതിനാൽ പ്രസ്തുത സ്ഥലം മാറ്റ ക്രമീകരണം അംഗീകരിക്കുന്നതിനായി പൊതുവിദ്യാഭ്യാസ ഡയറക്ടർ പരാമർശം (2) പ്രകാരം ശിപാർശ ചെയ്തിട്ടുമുണ്ട്.

3) മേൽ സാഹചര്യത്തിൽ 01-06-2016 മുതൽ തുടർച്ചയായി എൽ.ജി.പി.റ്റി. ഹിന്ദി തസ്തികയിൽ അംഗീകാരം ലഭിച്ച് ജോലി ചെയ്തു വരുന്ന മിനി പി. എ. യുടെ 01-06-2018 മുതൽ അരീക്കര സെന്റ് റോക്കീസ് യു പി സ്കൂളിൽ എൽ.ജി.പി.റ്റി. ഹിന്ദി ആയി നൽകിയ പുതിയ നിയമനം സ്ഥലംമാറ്റം ആയി ക്രമീകരിച്ച മാനേജരുടെ 14-02-2024-ലെ AT/07/2024 നമ്പർ ഉത്തരവ് മറ്റ് വിധത്തിൽ ക്രമപ്രകാരമെങ്കിൽ, ആയത് സാധുകരിച്ച് തുടർ നടപടികൾ സ്വീകരിക്കാൻ രാമപുരം ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർ, കോട്ടയം വെസ്റ്റ് ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർ എന്നിവർക്കു നിർദ്ദേശം നൽകികൊണ്ടും, അപ്രകാരം പരാമർശം (1) അപേക്ഷ തീർപ്പാക്കി കൊണ്ടും ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
അശ്വതി കെ
അണ്ടർ സെക്രട്ടറി

പൊതുവിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം.
ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർ, കോട്ടയം വെസ്റ്റ്
ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർ, രാമപുരം.
കോർപ്പറേറ്റ് മാനേജർ, കോർപ്പറേറ്റ് എഡ്യൂക്കേഷണൽ ഏജൻസി ഓഫ് സ്കൂൾസ്, കോട്ടയം അതിരൂപത, ചൈതന്യ പാസ്റ്ററൽ സെന്റർ, തെള്ളകം, തെള്ളകം പി.ഒ, കോട്ടയം - 686630
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), കേരളം, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (എ&ഇ), കേരളം, തിരുവനന്തപുരം.
വിവര പൊതുജന സമ്പർക്ക വകുപ്പ് (വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)
കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

Signed by
Pradeep Kumar. C. O
Date: 16-05-2026 14:20:59